**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 467 — 27/06/2019-ൽ മറുപടിക്ക്

# നഗരങ്ങളിലെ അന്തരീക്ഷ മലിനീകരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.റോജി എം. ജോൺ<br>,, വി.ഡി.സതീശൻ<br>,, പി.ടി. തോമസ്<br>,, വി.പി.സജീന്ദ്രൻ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ പല നഗരങ്ങളിലെയും അന്തരീക്ഷ മലിനീകരണ തോത് അപകടകരമാം വിധത്തിൽ വർദ്ധിക്കുന്നതും ശ്വസിക്കുവാനുള്ള വായുവിന്റെ ഗുണനിലവാരം മോശമാകുന്നതുമായ സാഹചര്യം നിലവിലുണ്ടോ; | (എ) | സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കീഴിലുള്ള 34 മാനുവൽ മോണിറ്ററിംഗ് സ്റ്റേഷനുകൾ, 5 കണ്ടിന്യൂവസ് ആമ്പിയന്റ് മോണിറ്ററിംഗ് സ്റ്റേഷനുകൾ എന്നവയിൽ നിന്നുള്ള പരിശോധനാ ഫലം അനുസരിച്ച് നിലവിൽ അന്തരീക്ഷ മലിനീകരണ തോത് അപകടകരമായ വിധത്തിൽ വർദ്ധിക്കുന്നതായോ ശ്വസിക്കുവാനുള്ള വായുവിന്റെ ഗുണ നിലവാരം മോശമാകുന്നതായോ കാണുന്നില്ല. |
| (ബി) | നാഷണൽ ക്ലീൻ എയർ പ്രോഗ്രാം പ്രകാരം 2024 ഓടെ അന്തരീക്ഷ മലിനീകരണ തോത് ഇരുപതു മുതൽ മുപ്പത് ശതമാനം വരെ കുറയ്ക്കുവാൻ നടപടി സ്വീകരിക്കേണ്ട നഗരങ്ങളുടെ കൂട്ടത്തിൽ സംസ്ഥാനത്തെ ഏതെങ്കിലും നഗരമുണ്ടോ; വിശദമാക്കുമോ; | (ബി) & (സി) | നാഷണൽ ക്ലീൻ എയർ പ്രോഗ്രാം പ്രകാരം 2024- ഓടെ അന്തരീക്ഷ മലിനീകരണ തോത് 20% മുതൽ 30% വരെ കുറയ്ക്കുവാൻ നടപടി സ്വീകരിക്കേണ്ട നഗരങ്ങളുടെ കൂട്ടത്തിൽ സംസ്ഥാനത്തെ ഒരു നഗരവും ഉൾപ്പെട്ടിട്ടില്ല. |
| (സി) | ഇതിനായി വർഷംതോറും കുറയ്ക്കേണ്ട മലിനീകരണത്തിന്റെ ടാർഗറ്റ് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം നിർദ്ദേശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതനുസരിച്ച് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്നറിയിക്കാമോ? | | |

**സെക്ഷൻ ഓഫീസർ**